നിയമലംഘനങ്ങൾ കണ്ടെത്തുകയും അവർക്കെതിരായി പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതിന് കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് ഫാർമസി കൗൺസിൽ റൂൾസ് 2012 ലംഘനം നടത്തിയ 11 പേരെ അടിയന്തരമായി കൗൺസിലിൽ വിളിച്ചുവരുത്തുകയും താക്കീത് നൽകുകയും മറ്റുള്ളവരോട് വിശദീകരണം തേടുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.

രോഗികളിലെ മരുന്നു പരീക്ഷണം

132 (839) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ രോഗികളിലെ മരുന്നു പരീക്ഷണം വ്യാപകമാകുന്നു എന്ന റിപ്പോർട്ടുകളെ തുടർന്ന് സുപ്രീം കോടതി നിർദ്ദേശ പ്രകാരം ഡോ. വി. എൻ. രാജശേഖരൻ പിള്ള അദ്ധ്യക്ഷനായ ഒരു അന്വേഷണ സമിതിയെ നിയോഗിച്ചിരുന്നോ ;

(ബി) എപ്പോഴാണ് പ്രസ്തുത സമിതിയെ നിയോഗിച്ചതെന്നും സമിതി എപ്പോഴാണ് റിപ്പോർട്ട് സമർപ്പിച്ചതെന്നും വ്യക്തമാക്കുമോ ;

(സി) സമിതിയുടെ റിപ്പോർട്ടിലെ ശിപാർശകൾ എന്തൊക്കെയായിരുന്നുവെന്നും ഇതനുസരിച്ച് എന്തൊക്കെ നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ; പ്രസ്തുത റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ഡി) മരുന്നു പരീക്ഷണത്തിന്റെ ഫലമായി രോഗികൾ മരണപ്പെട്ടതായി റിപ്പോർട്ടുണ്ടായിരുന്നോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഡോ. വി. എൻ. രാജശേഖരൻ പിള്ള അദ്ധ്യക്ഷനായ ഒരു അന്വേഷണ സമിതിയെ ക്ലിനിക്കൽ ട്രയൽ സംബന്ധിച്ച് പഠിക്കാൻ നിയോഗിച്ചിരുന്നു.

(ബി) 18-8-2012-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി.) നമ്പർ 2751/2012/ ആകവ. പ്രകാരമാണ് സമിതിയെ നിയോഗിച്ചിട്ടുള്ളത്. സമിതി റിപ്പോർട്ട് സമർപ്പിച്ചത് 2013 മാർച്ച് മാസത്തിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സമിതി സർക്കാരിന് സമർപ്പിച്ചിട്ടുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു :

1. All Centres which carry out Clinical Trial must be registered.
2. All Centres which have an inpatient facility to treat the patients in case of emergency and adverse events.
3. The State should set up a Clinical Registry with details of study title, hospitals and clinicians involved, adverse events reported etc. so that all trials can be kept track of.
4. To introduce proper mechanism to give compensation to patients who suffer any adverse events.
5. Government should educate the public about the importance of clinical trials in advancing knowledge and about the patient's right in such cases and also the centres and investigators on the need for transparency and fairness in conduct of the trials. സമിതി ശിപാർശകൾ സർക്കാർ അംഗീകരിക്കുകയും ക്ലിനിക്കൽ സെന്ററുകൾ രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിക്കാൻ ഡ്രഗ്സ് കൺട്രോളറോട് ആവശ്യപ്പെട്ടുകയും ചെയ്തു. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) മരുന്നു പരീക്ഷണത്തിനിടയിൽ രോഗികൾ മരിച്ചതായി മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. ഇന്ത്യയിൽ ക്ലിനിക്കൽ ട്രയലിന് അനുമതി നൽകുന്നതും അവ നിയന്ത്രിക്കുന്നതും കേന്ദ്ര സർക്കാരിന്റെ ആരോഗ്യ മന്ത്രാലയത്തിന്റെ കീഴിൽ ഡ്രഗ്സ് സ്റ്റാൻഡേർഡ് കൺട്രോൾ ഓർഗനൈസേഷനും (Central Drugs Standard Control Organisation) ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചുമാണ്.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly